പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ **5181** 24.10.2011 ൽ മറുപടിക്ക്

## പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. റ്റി. എൻ. പ്രതാപൻ | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) നിലവിലുള്ള ജലവിതരണ പദ്ധതികളുടെ പഴകിയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ; | (എ) ഭരണാനുമതി നല്കിയിട്ടുണ്ട്. നിലവിലുള്ള ജലവിതരണ പദ്ധതികളുടെ പഴകിയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് മലബാർ പാക്കേജിൽ 6 പദ്ധതികളുടെ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കാൻ 2009–10 ലെ മാന്ദ്യ വിരുദ്ധ പാക്കേജിൽപ്പെട്ട് 168.88 കോടി രൂപയുടെ ഭരണാനുമതി നല്കുകയുണ്ടായി. |
| (ബി) ഈ പദ്ധതി വഴി കുറഞ്ഞത് പത്തു ശതമാനം പൈപ്പുകളെങ്കിലും മാറ്റി പുതിയ പൈപ്പുകൾ ഇടുവാൻ നടപടി എടുക്കുമോ; | (ബി) പഴകിയ പൈപ്പ് ലൈനുകൾ മാറ്റി പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് ബഡ്ജറ്റ് അനുസരിച്ച് പദ്ധതികൾ തയ്യാറാക്കി വരുന്നു. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ആനുപാതികമായി കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതാണ്. |
| (സി) ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ എന്നു തുടങ്ങാനാകുമെന്നാണ് കരുതുന്നത്? | (സി) ഭരണാനുമതി ലഭിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. കൂടാതെ മറ്റു പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് ബഡ്ജറ്റ് അനുസരിച്ച് പദ്ധതികൾ തയ്യാറാക്കി വരുന്നു. ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്കു പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങാനാകും. |

സെക്ഷൻ ഓഫീസർ